**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 308** **07-10-2024 - ൽ മറുപടിയ്ക്ക്**

**കേരള സ്റ്റേറ്റ് ബീവറേജ്സ് കോപ്പറേഷൻ ഔട്ട്ലെറ്റുകളിൽ കണ്ടെത്തുന്ന ക്രമക്കേടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ഔട്ട് ലെറ്റുകളിൽ കണ്ടെത്തുന്ന സാമ്പത്തിക ക്രമക്കേടുകൾക്ക് പിഴ ഈടാക്കുന്നതിന് നിരക്ക് നിശ്ചയിച്ചിട്ടുണ്ടോ; പിഴ തുക കൂടാതെ അതിന്മേൽ 12% പലിശയും ജീവനക്കാരിൽ നിന്നും ഈടാക്കുന്നുണ്ടോ; ഇത്തരത്തിൽ പിഴ ഈടാക്കുന്നതിന് നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ഔട്ട് ലെറ്റുകളിൽ കണ്ടെത്തുന്ന സാമ്പത്തിക ക്രമക്കേടുകൾക്ക് 12.08.2022-ലെ 18774/IA/Penalty/2021-22നം സർക്കുലർ പ്രകാരം പിഴ ഈടാക്കുന്നുണ്ട്. എന്നാൽ പിഴയിൻ മേൽ 12% പലിശ ഈടാക്കുന്നില്ല. Brand suppression/promotion, excess collection, മോഷണം, തിരിമറി എന്നീ ക്രമക്കേടുകൾ നടത്തുന്ന ജീവനക്കാരിൽ നിന്ന് 300 ഇരട്ടി പിഴ ഈടാക്കാറുണ്ട്. |
| (ബി) | ഉദ്യോഗസ്ഥർ തമ്മിലുള്ള വ്യക്തിപരമായ പകപോക്കലിനും ജീവനക്കാരെ മനഃപൂർവം ദ്രോഹിക്കുന്നതിനും ഇത്തരത്തിൽ പിഴ ഈടാക്കുന്ന സംവിധാനം ദുരുപയോഗം ചെയ്യുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (സി) | സർവ്വീസ് പെൻഷന് അർഹതയില്ലാത്ത താഴ്ന്ന വിഭാഗം ജീവനക്കാരുൾപ്പെടെയുള്ളവർ വിരമിക്കുന്ന സമയത്ത് ലഭിക്കുന്ന മുഴുവൻ ആനുകൂല്യവും ഇത്തരത്തിൽ പിഴ ഇനത്തിൽ ഒടുക്കേണ്ടി വരുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; | (സി) | അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ കെ.എസ്.ബി.സി-യിലെ ജീവനക്കാർക്ക് (എൽ.ഡി.ക്ലാർക്ക്-എൻ.സി, യു.ഡി.ക്ലാർക്ക് -എൻ.സി) വിരമിക്കൽ ആനുകൂല്യങ്ങൾ നൽകുന്നത് അബ്കാരി ക്ഷേമനിധി ബോർഡിൽ നിന്നാണ്. ആയതിൽ നിന്നും പിഴ ഈടാക്കുന്നില്ല. കെ.എസ്.ബി.സി-യിലെ പി.എസ്.സി വഴി നിയമിതരായ ജീവനക്കാർക്ക് ഇ.പി.എഫ് പെൻഷനാണ്. ആയതിൽ നിന്നും പിഴ ഈടാക്കാൻ നിയമവ്യവസ്ഥയില്ല. |

| | | | |
|---|---|---|---|
| (ഡി) | പരിശോധനയിൽ കണ്ടെത്തുന്ന ക്രമക്കേടുകളുടെ സ്വഭാവവും ഗുരുതരാവസ്ഥയും സാഹചര്യവും കണക്കിലെടുത്ത് അതിന്മേൽ നീതീകരിക്കത്തക്ക രീതിയിൽ പിഴ ചുമത്തുന്ന തരത്തിൽ നിലവിൽ പിഴ കണക്കാക്കുന്ന മാനദണ്ഡം പരിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കാമോ? | (ഡി) | ചില്ലറ വിൽപ്പനശാലകളിൽ എത്തുന്ന ഉപഭോക്താക്കൾ വിവിധ തരത്തിലുള്ള ചൂഷണത്തിന് വിധേയരാകുന്നുവെന്നുള്ള പരാതികളുടെ അടിസ്ഥാനത്തിൽ ആയത് തടയുന്നതിനായാണ് ടി പ്രവർത്തികളിൽ ഏർപ്പെടുന്ന ജീവനക്കാരിൽ നിന്നും വിവിധ ക്രമക്കേടുകൾക്ക് വിവിധ തരത്തിൽ പിഴ ഈടാക്കുന്നതിനും അച്ചടക്ക നടപടി സ്വീകരിക്കുന്നതിനുമായി ബെവ്ക്കോയുടെ സർക്കുലർ നിലവിൽ വന്നത്. ടി സർക്കുലർ വന്നതിനുശേഷം ഇത്തരത്തിലുള്ള പരാതികൾക്ക് ഗണ്യമായ കുറവ് വന്നിട്ടുണ്ട് നിലവിലുള്ള സർക്കുലർ പരിഷ്ക്കരിക്കുന്നതിനുള്ള ശിപാർശകളൊന്നും ബെവ്കോയുടെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ